# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 511 02.12.2014-ലെ മറുപടിക്ക്

## വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പാക്കേജുകൾ

| | ചോദ്യം<br>ശ്രീ. എം. ഹംസ | ഉത്തരം<br>ശ്രീ. കെ.എം. മാണി<br>ബഹു. ധനകാര്യവും, നിയമവും, ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
|---|---|---|
| (എ) | സംസ്ഥാന സർക്കാരിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിലേയ്ക്കായി എന്തെല്ലാം പാക്കേജുകൾ ആണ് ആവിഷ്കരിച്ചു നടപ്പിലാക്കിയത്. വിശദാംശം ലഭ്യമാക്കാമോ ; | ധനകാര്യ മാനേജ്മെന്റ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനായി എല്ലാത്തരം മദ്യം, വൈൻ, ബിയർ, സിഗററ്റ് എന്നിവയിന്മേലുള്ള നികുതി വർദ്ധിപ്പിച്ചിട്ടുണ്ട്. പെട്രോളിയം ഉൽപന്നങ്ങളുടെ വിലകുറയുന്നതിന്റെ ഫലമായി നികുതിയിലുണ്ടാകുന്ന കുറവ് പരിഹരിക്കുന്നതിന് പെട്രോളിന്റെ നികുതി ന്യൂട്രലാക്കി നിർത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഭൂമിയുടെ ന്യായവില പുനർനിർണ്ണയിച്ചിട്ടുണ്ട്. ഭൂനികുതി, തോട്ടം നികുതി എന്നിവയിൽ കാലോചിതമായ വർദ്ധനവ് വരുത്തുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വിദ്യാഭ്യാസ വകുപ്പ് ഒഴികെ എല്ലാ വകുപ്പുകളിലും നിലവിലുള്ള യൂസർ ചാർജ്ജുകളും ഫീസുകളും വർദ്ധിപ്പിച്ചിട്ടുണ്ട്. നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നികുതി കുടിശ്ശികയിന്മേൽ ഏർപ്പെടുത്തിയിട്ടുള്ള എല്ലാ ഉപാധി രഹിത സ്റ്റേകളും പിൻവലിച്ചു. സർക്കാരിന്റെ വൻകിട പദ്ധതികളുടെ പൂർത്തീകരണത്തിനായി വരുന്ന ആറുമാസത്തിനുള്ളിൽ 1000 കോടി രൂപയെങ്കിലും ധനവിപണിയിൽ നിന്ന് സമാഹരിക്കുവാൻ കഴിയുമോ എന്ന് പരിശോധിക്കുവാനായി ആസൂത്രണ ബോർഡ് ഉപാദ്ധ്യക്ഷൻ ചെയർമാനായി ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. ക്ഷേമനിധി ബോർഡുകളുടെ കൈവശമുള്ള ഫണ്ട് ട്രഷറിയിൽ നിക്ഷേപിക്കാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. |

<table>
<tr>
<td>(ബി)</td>
<td>പ്രസ്തുത പ്രവൃത്തികളുടെ ഫലമായി വരുമാനത്തിൽ വർദ്ധന ഉണ്ടായോ ; വിശദവിവരം ലഭ്യമാക്കാമോ ;</td>
<td>പ്രസ്തുത പ്രവൃത്തികളുടെ ഫലമായി ഉണ്ടായിട്ടുള്ള വരുമാനത്തിലെ വർദ്ധനവ് വിലയിരുത്താറായിട്ടില്ല.</td>
</tr>
<tr>
<td>(സി)</td>
<td>ഭൂനികുതി, ഭൂരജിസ്ട്രേഷൻ എന്നിവയിൽ നിന്നും എന്ത് തുകയാണ് വരവിനത്തിൽ ലക്ഷ്യമിട്ടിരിക്കുന്നത് ; 2014 ഒക്ടോബർ 31 വരെ എന്ത് തുക പിരിച്ചു ; വിശദ വിവരം ലഭ്യമാക്കാമോ ;</td>
<td>ഭൂനികുതി, ഭൂരജിസ്ട്രേഷൻ എന്നീയിനങ്ങളിൽ നിന്നും യഥാക്രമം 169.57 കോടി രൂപയും, 3733.67 കോടി രൂപയുമാണ് 2014 –15 ബജറ്റിൽ ലക്ഷ്യമിട്ടിരിക്കുന്നത്. അക്കൗണ്ടന്റ് ജനറലിന്റെ താത്കാലിക കണക്കുകൾ പ്രകാരം 2014 സെപ്റ്റംബർ 30 വരെ ഈ ഇനങ്ങളിൽ യഥാക്രമം 89.78 കോടി രൂപയും 1227.69 കോടി രൂപയും ലഭിച്ചിട്ടുണ്ട്.</td>
</tr>
<tr>
<td>(ഡി)</td>
<td>2014 ഏപ്രിൽ 1 മുതൽ 2014 ഒക്ടോബർ 31 വരെ എന്ത് തുകയാണ് കേന്ദ്രസഹായമായി ലഭിച്ചത്; എന്ത് തുകയാണ് ലഭിക്കേണ്ടിയിരുന്നത് ; കുറവ് വന്നുവെങ്കിൽ എത്ര ; വിശദ വിവരം ലഭ്യമാക്കാമോ ;</td>
<td>അക്കൗണ്ടന്റ് ജനറലിന്റെ താത്കാലിക കണക്കുകൾ പ്രകാരം 2014 സെപ്റ്റംബർ 30 വരെ കേന്ദ്രസഹായമായി 2788.09 കോടി രൂപ ലഭിച്ചിട്ടുണ്ട്. 2014–15 ബജറ്റ് എസ്റ്റിമേറ്റ് പ്രകാരം ആകെ 6672.02 കോടി രൂപയാണ് കേന്ദ്രസഹായമായി ലഭിക്കേണ്ടത്. സാമ്പത്തിക വർഷം പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ കുറവ് വന്നിട്ടുണ്ടോ എന്ന് കണക്കാക്കാൻ സാധിക്കുകയുള്ളൂ.</td>
</tr>
<tr>
<td>(ഇ)</td>
<td>2014 ഏപ്രിൽ ഒന്നുമുതൽ നാളിതുവരെ സംസ്ഥാനം ഏതെല്ലാം ഏജൻസികളിൽ നിന്നും വായ്പ എടുത്തു ; വിശദാംശം നൽകാമോ ;</td>
<td>
<table>
<tr><th>ഏജൻസി</th><th>തുക (കോടിയിൽ)</th></tr>
<tr><td>പൊതുവിപണി</td><td>9400</td></tr>
<tr><td>ലോക ബാങ്ക്</td><td>354.83</td></tr>
<tr><td>JICA</td><td>83.34</td></tr>
<tr><td>ADB</td><td>41.23</td></tr>
<tr><td>നബാർഡ്</td><td>234.35</td></tr>
<tr><td>NSSF</td><td>31.85</td></tr>
<tr><td>ആകെ</td><td>10145.60</td></tr>
</table>
</td>
</tr>
<tr>
<td>(എഫ്)</td>
<td>2014 ഏപ്രിൽ ഒന്നു മുതൽ ധനകാര്യ വകുപ്പിൽ നിന്നും എത്ര കുടിശ്ശിക തുക അടയ്ക്കുന്നതിൽ നിന്ന് സ്റ്റേ നൽകി ; സർക്കാരിലേയ്ക്ക് വരേണ്ട നികുതി ഇനത്തിലും മറ്റും എന്തു തുകയ്ക്ക് സ്റ്റേ നൽകി ; വിശദാംശം നൽകാമോ ;</td>
<td>ധനകാര്യ വകുപ്പിൽ നിന്നും നികുതി കുടിശ്ശികയിനത്തിൽ സ്റ്റേ ഒന്നും അനുവദിച്ചിട്ടില്ല.</td>
</tr>
</table>

| | | |
|---|---|---|
| (ജി) | 1-4-14 മുതൽ 31-10-14 വരെ വിവിധ ഹെഡു കളിലായി എത്ര തുക ചെലവഴിച്ചു ; വിശദാംശം നൽകാമോ ; ശമ്പളം, പെൻഷൻ, ലോൺ തിരിച്ചടവ്, കടം തിരിച്ചടവ്, വികസന പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച് ഹെഡ് ഓഫ് അക്കൗണ്ട് തിരിച്ചുള്ള വിശദ വിവരം ലഭ്യമാക്കാമോ ? | അക്കൗണ്ടന്റ് ജനറലിന്റെ താത്കാലിക കണക്കുകൾ പ്രകാരം 2014 സെപ്റ്റംബർ 30 വരെ വിവിധ ഹെഡുകളിലായി ചെലവഴിച്ച തുക ഇപ്രകാരമാണ്.<br>റവന്യൂ ശീർഷകങ്ങൾ – 33040.76 കോടി രൂപ<br>മൂലധന ശീർഷകങ്ങൾ – 1577.25 കോടി രൂപ<br>പൊതുകടം – 2655.91 കോടി രൂപ<br>വായ്പകളും മുൻകൂറുകളും – 194.70 കോടി രൂപ<br>സർക്കാർ ജീവനക്കാർക്ക് ശമ്പളവും മറ്റ് അലവൻസുകളും നൽകിയ ഇനത്തിൽ വിവിധ റവന്യൂ മൂലധന ശീർഷകങ്ങളുടെ കീഴിലെ '01 ശമ്പളം' എന്ന ഡീറ്റെയിൽഡ് ഹെഡിൽ ആകെ 11277.48 കോടി രൂപ ചെലവായിട്ടുണ്ട്.<br>പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകിയ ഇനത്തിൽ 5913.56 കോടി രൂപ ചെലവായിട്ടുണ്ട്.<br>ലോൺ, കടം എന്നിവയുടെ തിരിച്ചടവിനായുള്ള '6003', '6004' എന്നീ ശീർഷകങ്ങളിലായി ആകെ 2655.91 കോടി രൂപ ചെലവായിട്ടുണ്ട്.<br>വികസന പ്രവർത്തനങ്ങൾക്കായി റവന്യൂ ശീർഷകങ്ങളിൽ 18308.92 കോടി രൂപയും, മൂലധന ശീർഷകങ്ങളിൽ 1577.25 കോടി രൂപയും ചെലവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ